## 1244

യേശുക്രിസ്തു ജീവിക്കുന്നു ഹല്ലേലുയ്യാ!
ഘോഷിപ്പിൻ ജയം! ജയം! ഹല്ലേലുയ്യാ!

1 ജീവന്റെ നായകനായ് വാഴുവാനായ്
ചാവിനെ ജയിച്ചോനു ഹല്ലേലുയ്യാ!
ദൈവത്തിൻ പുത്രനവനെന്നറിവാൻ
ഏവനും കഴിവിപ്പോൾ ഹല്ലേലുയ്യാ!

2 താഴുവാൻ കുരിശോളം വന്നവൻ താൻ
വാഴുന്നു ഹൃദയത്തിൽ ഹല്ലേലുയ്യാ!
പാഴാകും ഉള്ളത്തിൽ താൻ എഴുന്നള്ളുമ്പോൾ
മാറുന്നു ദുഃഖമെല്ലാം ഹല്ലേലുയ്യാ!-

3 കേവലം പാപത്തിന്നു ചത്തവരായ് മേവുക
യേശുവിൽ നാം ഹല്ലേലുയ്യാ!
ദൈവത്തിൻ ഇഷ്ടത്തിന്നു ജീവിക്ക നാം
ജീവന്റെ പുതുക്കത്തിൽ ഹല്ലേലുയ്യാ!

4 യേശുവിൻ ഉയിർപ്പിനാൽ ജീവനുള്ളോർ
ആശയിൻ അംശികൾ നാം ഹല്ലേലുയ്യാ!
നാശവും മാലിന്യവും തൻ രാജ്യത്തിൽ
ലേശവും കാൺകയില്ല ഹല്ലേലുയ്യാ!

5 ഏദനിൽ ജീവവൃക്ഷം പോയതിനാൽ
ഖേദിക്ക വേണ്ട തെല്ലും ഹല്ലേലുയ്യാ!
ചേതം എന്നെണ്ണുക എല്ലാറ്റെയും നാം
നേടുവാൻ യേശുവിനെ ഹല്ലേലുയ്യാ!-

6 ഇന്നും എന്നേക്കും യേശു മാറ്റംവിനാ-
മിന്നും നീതിയെൻസൂര്യൻ ഹല്ലേലുയ്യാ!
വിണ്ണും ഈ മണ്ണും തൻ തൃപ്പാദത്തിങ്കൽ
വന്ദിക്കും ഭക്തിയോടെ ഹല്ലേലുയ്യാ!- **V.N.**